# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 2687  17.10.2016- ൽ മറുപടിയ്ക്ക്

## പ്രവാസി പുനരധിവാസ പാക്കേജുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | **ശ്രീ. പിണറായി വിജയൻ** *(മുഖ്യമന്ത്രി)* |
| എ) വിദേശ രാജ്യങ്ങളിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ട് സംസ്ഥാനത്തേക്ക് മടങ്ങിയെത്തുന്നവർക്ക് സർക്കാർ കാലാകാലങ്ങളിൽ പ്രഖ്യാപിക്കാറുള്ള പുനരധിവാസ പാക്കേജുകൾ യഥാസമയം നടപ്പിലാക്കുന്നുണ്ടോയെന്ന കാര്യം പരിശോധിക്കാറുണ്ടോ എങ്കിൽ ഏത് തരത്തിലുള്ള വിലയിരുത്തലാണ് ഇക്കാര്യത്തിൽ നടത്താറുള്ളത്; | എ) വിദേശ രാജ്യങ്ങളിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ട് സംസ്ഥാനത്തേക്ക് മടങ്ങിയെത്തുന്നവർക്ക് വേണ്ടി സർക്കാർ നടപ്പിലാക്കി വരുന്ന നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതിയുടെ ഓരോ ഘട്ടത്തിലും സമഗ്രമായ വിശകലനം നടത്തി വരുന്നു. അകാരണമായ കാലതാമസം മറ്റു പ്രതിബന്ധങ്ങൾ എന്നിവ വിശകലനം ചെയ്ത് പരിഹാര മാർഗ്ഗം സ്വീകരിച്ച് വരുന്നു. ബാങ്കുകളുമായി ബന്ധപ്പെട്ട പദ്ധതി ആയതിനാൽ ആവശ്യാനുസരണം നിർദ്ദേശങ്ങൾ ബാങ്കുകൾക്കും നല്കി വരുന്നുണ്ട്. |
| ബി) ഇത്തരത്തിലുള്ള പുനരധിവാസ പാക്കേജുകൾ പ്രകാരം ബാങ്ക് വായ്പാ ഇളവുകൾ പ്രഖ്യാപിച്ചിട്ടുള്ള കേസുകളിൽ ബാങ്കുകളിൽ നിന്നും വായ്പാ ഇളവുകൾ യഥാസമയം നേടിയെടുക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;<br>സി) ഇത്തരത്തിൽ പുനരധിവസിപ്പിക്കപ്പെട്ടുമെന്ന് ഉറപ്പ് ലഭിച്ച പലരും വായ്പാ കുടിശ്ശിക മൂലം ജപ്തി ഭീഷണി | ബി) & സി) തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഗുണഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടി ക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങൽ നല്കുകയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി. ഈ പദ്ധതി പ്രകാരം 20 ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാലു വർഷം 3% പലിശ സബ്സിഡിയും നല്കി ബാങ്ക് വായ്പ ലഭ്യമാക്കുന്നുണ്ട്. നാളിതുവരെയായി ബാങ്ക് |

| | | | |
|---|---|---|---|
| | നേരിടുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | | ലഭ്യമാക്കിയ വായ്പാ വിവരങ്ങൾ അനുസരിച്ച് മൂലധനസബ്സിഡിയും പലിശ സബ്സിഡിയും ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതല്ലാതെ ബാങ്ക് വായ്പാ ഇളവുകൾ ഒന്നും തന്നെ പ്രഖ്യാപിച്ചിട്ടില്ല. ബാങ്കുകൾ വായ്പ നല്കുന്നത് അവരുടെ സമഗ്രമായ ചട്ടങ്ങൾ പാലിച്ചു കൊണ്ടാണ് എന്നതിനാൽ വായ്പ തിരിച്ചടവുകൾ നിയന്ത്രിക്കുന്നതിനുള്ള അധികാരം ബാങ്കുകളിൽ നിക്ഷിപ്തമാണ്. ഈ പദ്ധതി പ്രകാരം വായ്പ എടുത്ത പലരും വായ്പാ തിരിച്ചടവിൽ വീഴ്ച വരുത്തിയതു മൂലം റിക്കവറി പ്രശ്നങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പ്രശ്നങ്ങൾ ഒഴിവാക്കാൻ ഇപ്പോൾ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് മുമ്പ് തന്നെ അവർ തെരെഞ്ഞെടുക്കുന്ന വ്യവസായ മേഖലയെ കുറിച്ചും സാമ്പത്തിക മാനേജ്മെന്റിനെ കുറിച്ചും വിദഗ്ദ്ധ പരിശീലനം നല്കുന്നുണ്ട്. |
| ഡി) | സർക്കാർ പ്രഖ്യാപിക്കുന്ന പുനരധിവാസ പാക്കേജുകൾ യഥാസമയം നടപ്പിലാക്കുന്നുണ്ടെന്ന കാര്യം ഉറപ്പ് വരുത്തുന്നതിന് പ്രത്യേക ശ്രദ്ധ നല്കുമോ? | ഡി) | സർക്കാർ നടപ്പാക്കുന്ന പുനരധിവാസ പദ്ധതി സ്റ്റേറ്റ് പ്ലാൻ ഫണ്ടിന്റെ കീഴിലാണ് നടപ്പാക്കി വരുന്നത്. ഇത് കാലാകാലങ്ങളിൽ അവലോകനം ചെയ്തു വരുന്നുണ്ട്. |

18

സെക്ഷൻ ഓഫീസർ